**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 501** **17-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എസ്.ടി. പൂളിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാന സർക്കാരിന് ഐ.ജി.എസ്.ടി. പൂളിൽ നിന്നും അർഹതപ്പെട്ട നികുതി ലഭിക്കുന്നത് ഏതൊക്കെ മാർഗങ്ങളിലൂടെയാണെന്ന് വിശദമാക്കാമോ; | (എ) | സംയോജിത ചരക്കു സേവന നികുതി നിയമം. 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു.<br><br>IGST കേരളത്തിലേക്ക് പ്രധാനമായും ലഭിക്കുന്നത് ബിസിനസ് ടു ബിസിനസ് (B2B) ഇടപാടുകളിൽ നിന്നും ബിസിനസ് ടു കസ്റ്റമർ (B2C) ഇടപാടുകളിലൂടെയുമാണ്. |
| (ബി) | എൻ.എസ്.എസ്.ഒ. സാമ്പിൾ സർവേ പ്രകാരം ഇന്ത്യയിൽ തന്നെ ഏറ്റവുമധികം ചരക്കും സേവനവും ഉപയോഗിക്കുന്ന സംസ്ഥാനമായ കേരളത്തിനു് അർഹമായ ഐ.ജി.എസ്.ടി. വരുമാനം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരി വരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.<br><br>Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടം അനുസരിച്ചാണ് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് നടക്കുന്നത്. നിലവിൽ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് നികുതി വരുമാനം ലഭിക്കുന്നുണ്ട്. |
| (സി) | ഇ-വേ ബിൽ ഇനത്തിൽ സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. പൂളിൽ നിന്നും ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഇ-വേ ബിൽ ഇനത്തിൽ സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. പൂളിൽ നിന്നും ഐ.ജി.എസ്.ടി. വിഹിതം ലഭ്യമാക്കാൻ പ്രത്യേക വ്യവസ്ഥകളൊന്നും തന്നെയില്ല. സംയോജിത ചരക്കു സേവന നികുതി നിയമം, 2017 (Integrated Goods and Services |

| | | | |
|---|---|---|---|
| | | | Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്കു കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരി വരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം **(തുക കോടിയിൽ)**

| ഇനം | From July 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 (February) |
|---|---|---|---|---|---|---|
| IGST സെറ്റിൽമെന്റ് | 6064.97 | 10114.93 | 9926.19 | 9343.07 | 12440.48 | 14582.71 |
| IGST അഡ്ഹോക്ക് | 736 | 2734.36 | 693.52 | 1596.11 | 1657.79 | 1028.23 |
| **ആകെ** | **6800.97** | **12849.29** | **10619.71** | **10939.18** | **14098.27** | **15610.94** |

**സെക്ഷൻ ഓഫീസർ**